06/06/2025

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU.K.S Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/06/2025

1. കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അത്യുല്പാദന ശേഷിയുള്ള ഇഞ്ചി (വരദ), മഞ്ഞൾ (പ്രഗതി) വിത്തുകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ: 8547675124.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന കാർഷിക കോളേജിലെ അഗ്രിക്കൾച്ചറൽ എൻ്റമോളജി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറിൻറെ (കരാർ നിയമനം) താൽകാലിക ഒഴിവുണ്ട്. യോഗ്യതകൾ സംബന്ധിച്ച വിവരം വെബ്സൈറ്റിൽ ലഭ്യമാണ്. നിർദിഷ്ട യോഗ്യതകൾ ഉള്ളവർക്ക് **09/06/2025** ന് രാവിലെ **9.30** മണിക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻ ഇൻറർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് **www.kau.in**, **www.cohvka.kau.in** എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുകയോ **0487-2438302** എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

3. കേര സുരക്ഷാ ഇൻഷുറൻസ് ജില്ലയിൽ തെങ്ങ്കയറ്റ തൊഴിൽ ചെയ്യുന്നവർക്ക് നാളികേര വികസന ബോർഡ് നടപ്പാക്കിവരുന്ന കേരസുരക്ഷാ ഇൻഷുറൻസിൽ അംഗമാകാം. അപേക്ഷകൾ കോഴിക്കോട് സ്വാഭിമാൻ സോഷ്യൽ സർവീസ് ആൻഡ് ചാരിറ്റബിൾ സൊസൈറ്റിയിൽ ലഭ്യമാണ്. കടന്നൽ കുത്ത്, താൽക്കാലിക അപകടങ്ങൾ എന്നിവക്ക് ആഴ്ചയിൽ 3,500 രൂപ വെച്ച് ആറാഴ്ച വരെ താൽക്കാലിക സമാശ്വാസം, മരണാനന്തര സഹായമായി ഏഴ് ലക്ഷം, പൂർണ അംഗവൈകല്യം ബാധിക്കുന്നവർക്ക് മൂന്നര ലക്ഷം രൂപ വരെ എന്നിവ പദ്ധതിയിൽ ഉൾപ്പെടും. ഫോൺ: 8891889720, 0495 2372666, 9446252689.

4. കേരള കാർഷിക സർവകലാശാല നടത്തിവരുന്ന അഗ്രിക്കൾച്ചറൽ സയൻസസ്, ഓർഗാനിക് അഗ്രിക്കൾച്ചർ എന്നീ രണ്ടു ദ്വിവത്സര ഡിപ്ലോമ കോഴ്സുകളിലേക്ക് 2025-26 അധ്യയന വർഷത്തേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ ഓൺലൈനായി 18/06/2025 തിയ്യതി വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

5. വെള്ളാനിക്കര കേരള കാർഷികസർവകലാശാലയുടെ കീഴിലുള്ള വനശാസ്ത്ര കോളേജിൽ വൃക്ഷത്തൈ നേഴ്സറിയിൽ നല്ലയിനം മട്ടി (പൊങ്ങല്യം, തീപ്പെട്ടി മരം, പെരുമരം) തൈകൾ വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. ഓർഡർ പ്രകാരം അയച്ച് കൊടുക്കുന്ന സംവിധാനം നിലവിൽ ഇല്ലാത്തതിനാൽ നേഴ്സറിയിൽ എത്തി നേരിട്ടോ, ക്യു-ആർ കോഡ് സ്കാൻ വഴിയോ പണമടച്ച് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 8547734401 & 9847602333 നമ്പറിൽ (10 മണിക്കും 4 മണിക്കും ഇടയിൽ) ബന്ധപ്പെടുക.

6. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ **ജൂൺ 11, 12** എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

7. കോളേജ് ഓഫ് ഡയറി സയൻസ് ആൻ്റ് ടെക്നോളജി, പൂക്കോട് സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ മൂല്യ വർദ്ധിത പാൽ ഉൽപന്നങ്ങളുടെ നിർമ്മാണ പ്രായോഗിക പരിശീലന പരിപാടി "പാൽ പൊലിമ 25" നടത്തുന്നു. 2025 ജൂൺ 10, 11 തീയ്യതികളിൽ നടക്കുന്ന പരിപാടിയിൽ പേട, പനീർ, പനീർ - ഊത്തപ്പം അച്ചാർ, ചോക്ലേറ്റ് ബ്രൗണി, തൈര്, ലസ്സി, കുക്കിസ്, ശ്രീഖണ്ഡ്, നെയ്യ്, സിപ് അപ്പ് എന്നീ പാൽ ഉൽപന്നങ്ങൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിർമ്മിക്കുന്നതിനുള്ള പരിശീലനം ഉൾപ്പെടുത്തിയിരിക്കുന്നു. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതായിരിക്കും. 2025 ജൂൺ 8 ന് രജിസ്ട്രേഷൻ അവസാനിക്കുന്നതാണ്. ക്ലാസ്സിൽ പങ്കെടുക്കാൻ താത്പര്യപെടുന്നവർ 7994529285, 8289815802 എന്നീ ഫോൺ നമ്പറിൽ ബന്ധപെടുക.

**8. കാർഷിക നിർദേശം**

കുരുമുളകിലെ ദ്രുതവാട്ട രോഗത്തിന് മുൻകരുതലായി രണ്ട് കിലോ ട്രൈക്കോഡർമ്മ, 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടിക്കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ചത്തേക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. ഒരു മാസത്തിന് ശേഷം സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിക്കുക.

കമുകിൻ തൈകൾ ഈ മാസത്തിലും നടാം. നല്ല തൈ തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇലകൾ കൂടുതലുള്ളതും അധികം പൊക്കം ഇല്ലാത്തതുമായ തൈകൾ തെരഞ്ഞെടുക്കണം. മംഗള, സുമംഗള, ശ്രീമംഗള, മോഹിത് നഗർ എന്നിവ ഉല്പാദനശേഷി കൂടിയ ഇനങ്ങളാണ്. കുമിൾ രോഗത്തിനെതിരെ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം പശ ചേർത്ത് തളിച്ചു കൊടുക്കണം. തോട്ടത്തിലെ നീർവാർച്ച മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.